പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5162 — 28.10.2016 ൽ മറുപടിക്ക്

# നഗരങ്ങളിലെ ഗതാഗത തിരക്ക് ഒഴിവാക്കുന്നതിനു പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | ശ്രീ. എ. കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് നഗരത്തിൽ ഗതാഗതക്കുരുക്കുമൂലം ജനം വീർപ്പുമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഗതാഗത തിരക്ക് ഒഴിവാക്കുന്നതിനുള്ള പദ്ധതിയിൽ കാസർഗോഡ് നഗരത്തെ ഉൾപ്പെടുത്തുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) സ്വീകരിച്ചിട്ടുണ്ട്. |
| (സി) ഇല്ലെങ്കിൽ ഈ പദ്ധതിയിൽ കാസർഗോഡ് നഗരത്തെ ഉൾപ്പെടുത്തുമോ; | (സി) ബാധകമല്ല |
| (ഡി) കാസർഗോഡ് നഗരത്തിലെ ഗതാഗതക്കുരുക്കിനു ശാശ്വത പരിഹാരം കാണുന്നതിനെക്കുറിച്ചാലോചിക്കുന്നതിനു ബന്ധപ്പെട്ടവരുടെ യോഗം വിളിക്കാൻ മുൻകൈ എടുക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) 03.10.2016 ന് കാസർഗോഡ് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ റോഡ് സേഫ്റ്റി കൗൺസിൽ യോഗം ചേരുകയും മുൻസിപ്പാലിറ്റി തലത്തിലും, പഞ്ചായത്ത് തലത്തിലും ട്രാഫിക് ക്രമീകരണ സമിതികൾ ചേർന്ന് ഗതാഗത പ്രശ്നത്തിൽ ശാശ്വത പരിഹാരം കാണുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. തിരിക്കേറിയ ജംഗ്ഷനുകളിൽ കാൽനടയാത്രക്കാർക്ക് റോഡ് മുറിച്ചു നടക്കുന്നതിനായി Foot Over Bridge സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ അയച്ചുതരുവാൻ കളക്ടറോട് (ചെയർമാൻ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ) ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ